LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഈ കമ്മിറ്റികൾ എത്ര ദിവസത്തിനുള്ളിൽ പുനഃസംഘടിപ്പിക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. കെ. സി. ജോസഫ് : സർ, രണ്ടാഴ്ചയ്ക്കുള്ളിൽ പുനഃസംഘടിപ്പിക്കാം.

2. ചൈനാ ക്ലേ യൂണിറ്റുമൂലമുള്ള മലിനീകരണം

ശ്രീ. കെ. എം. ഷാജി : സർ, കണ്ണൂർ ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മാടായിപ്പാറയ്ക്ക് താഴെ ഒരു ഗ്രാമം സാവധാനം മരിച്ചുതീരുകയാണ്. ഗവൺമെന്റിന്റെയോ വകുപ്പുമന്ത്രിയുടെയോ പ്രത്യേക ശ്രദ്ധ ആവശ്യമില്ലാത്ത വിഷയമാണിത്. കാരണം പതിറ്റാണ്ടുകളായി നടക്കുന്ന ഒരു നാടിന്റെ സമരം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഖനന മേഖലയിൽ നിന്നും മഴക്കാലത്ത് ഒലിച്ചിറങ്ങുന്ന സൾഫർ, അലൂമിനിയം, ലിഗ്നൈറ്റ്, ബ്രോമിൻ തുടങ്ങിയ രാസവസ്തുക്കൾ കൃഷിയും കുടിവെള്ളവും നശിപ്പിച്ചും വായു മലിനപ്പെടുത്തിയും ജനങ്ങളിൽ മാരകമായ രോഗങ്ങൾ വിതയ്ക്കുന്നത് ഗവൺമെന്റ് ഏജൻസികളുടെ പഠനങ്ങളിൽപ്പോലും വ്യക്തമാണ്. അവിടത്തെ തൊഴിലാളികളുടെ മാന്യമായ പുനരധിവാസം ഒരു പ്രശ്നം തന്നെയാണ്. അത് വേണ്ടെന്ന അഭിപ്രായം ആർക്കുമില്ല. അത് പരിഹരിക്കുകയും വേണം. എന്നാൽ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കാൻ വേണ്ടി മരിച്ചുതീരാനുള്ളതല്ല ഒരു ഗ്രാമവും അതിലെ മനുഷ്യരുമെന്ന് നമ്മൾ ഓർക്കണം. ശുദ്ധവായുവും കുടിവെള്ളവും അവരുടെ മൗലികമായ അവകാശമാണ്. അതുകൊണ്ട് ആ ഫാക്ടറി അടച്ചുപൂട്ടി ഒരു നാടിനെ രക്ഷപ്പെടുത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, മാടായിപ്പാറയിൽ ചൈനാ ക്ലേ യൂണിറ്റ് ഉണ്ടാക്കുന്ന മലിനീകരണ പ്രശ്നം വളരെ ഗുരുതരം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. നിരന്തരമായി എല്ലാ രാഷ്ട്രീയപാർട്ടികളും നിവേദനം തന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ക്യാബിനറ്റ് തീരുമാനമനുസരിച്ച് അവിടത്തെ ഖനന പ്രവർത്തനങ്ങളും പ്രോസസ്സിംഗും തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. അതുപോലെ വൈവിധ്യവൽക്കരണത്തിനും തൊഴിലാളികൾക്ക് വോളന്ററി റിട്ടയർമെന്റിനും വേണ്ടിയുള്ള വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.